# അക്കാദമിക സത്യസന്ധത പുലർത്താത്ത പരമ്പര മാതൃഭൂമിക്കു കളങ്കം

**ആമുഖം**

മാതൃഭൂമി പത്രത്തില് വിദ്യാഭ്യസത്തെക്കുറിച്ച് പരമ്പര പ്രസിദ്ധീകരിക്കുകയുണ്ടായി. നമ്മൾക്കറിയാം മാതൃഭൂമി വിദ്യാപേജിലൂടെ പൊതുവിദ്യാലയങ്ങളുടെ പഠനരീതിയെ പിന്തുണയ്ക്കുന്നുവെന്ന്, മധുരം മലയാളം പരിപാടിയലൂടെ മലയാളമീഡിയം വിദ്യാർഥികളെ പ്രോത്സാഗിപ്പിക്കുന്നുവെന്ന്.മാതൃഭൂമി വാരികയില് ശ്രീ പി കെ തിലകം ജയരാജും എഴുതുന്ന പരമ്പരകളിലൂടെ പുതിയപാഠ്യക്രമത്തെ കൂടുതല് ആഴത്തിലേക്ക് കൊണ്ടുപോകാന് സഹായിക്കുന്നുവെന്ന്. പത്താം ക്ലാസ് പരീക്ഷ അടുക്കുമ്പോള് കുട്ടികൾക്കു വേണ്ടി പിന്തുണാ മെറ്റീരിയുകളുടെ വിദഗ്ധരുടെ വിശകലനവുമൊക്കെയായി ചങ്ങാതിയാകുന്നെന്ന്. സീഡ് പ്രോഗ്രാം കുട്ടികള് ഏറ്റെടുക്കുന്നത് അവരുടെ പാഠങ്ങളുമായി പൊരുത്തമുള്ളതിനാലും പഠനത്തെ പുതിയ രീതിയില് നിർവചിക്കുന്നതിനാലുമാണ്.ഇങ്ങനെയുള്ള മാതൃഭൂമി പൊതുവിദ്യാലയത്തെ മൊത്തം തരംതാഴ്ത്തി ഒരു ലേഖന പമ്പര പ്രസിദ്ധീകരിക്കുമെന്ന് ആരും സ്വപ്നത്തില് പോലും കരുതിയിട്ടുണ്ടാകില്ല. ധാർമികതയുടെ പ്രശ്നം ഇതിലുണ്ട്. കുട്ടികളുടേയും അധ്യാപികരുടേയും മുമ്പില് മുഖംമൂടി വെച്ച് പ്രത്യക്ഷപ്പെട്ടുകൂടാ. ലേഖനത്തിന് അവതരണകാപട്യമില്ലായിരുന്നെങ്കില് ഇങ്ങനെ പറയില്ലായിരുന്നു.എന്താണ് കാപട്യം എന്ന് വസ്തുകളുടെ അടിസ്ഥാനത്തില് വ്യക്തമാക്കിയില്ലെങ്കില് ആരും വില നൽകില്ലെന്നറിയാം.

**പഠനത്തെക്കുറിച്ചുള്ള പഠനത്തെ സമീപിക്കുന്നതിന്റെ വികലപാഠം**

പൊതുവിദ്യാഭ്യസ രംഗം ആക്രിവില പോലും കിട്ടാനാനാവാത്ത വിധം പാഴ്‌വസ്തുവാണെന്ന് സമർഥിക്കാനാണ് ലേഖകന് ശ്രമിച്ചത്. അതിനായി നിരവധി പഠനറിപ്പോർട്ടുകളെ ഉദ്ധരിച്ച് ആധികാരികതയുടെ ആവരണമിടാന് ഉത്സാഹിച്ചു. ആ പഠന റിപ്പോർട്ടുകളെ ദുരുദ്ദേശപരമായി ഉപയോഗിക്കുന്ന ഹീനതന്ത്രം തുറന്നു കാട്ടപ്പെടണം. ഈ ബ്ലോഗ് അതിനു മുതിരുകയാണ്. നാലു തന്ത്രമാണ് ശ്രീ രാജന് ചെറുക്കാട് ഉപയോഗിച്ചത്.

1. വിദ്യാഭ്യാസ നിലവാരം മോശമാണെന്നു വ്യാഖ്യാനിക്കാന് കഴിയുന്ന പഠനങ്ങള് മാത്രം സ്വീകരിക്കുകയും മെച്ചമാണെന്നുള്ള റിപ്പോർട്ടുകളെ കണ്ടില്ലെന്നു നടിക്കുകയും ചെയ്തു
2. സ്വീകരിച്ച റിപ്പോർട്ടുകളെ തന്നെ വളച്ചൊടിച്ചു
3. വസ്തുതകൾക്കു നിരക്കാത്ത വിധം ചരിത്രത്തെയും വിവരങ്ങളേയും വ്യാഖ്യാനിച്ചു
4. ഡി പി ഇ പി വിവാദകാലത്തെ ജനകീയപ്രതിരോധസമിതിയുടെ വാദങ്ങളെ അപ്പടി പുനരവതരിപ്പിച്ചു.

ഇതില് രണ്ടാമത്തേത് ഗൗരവമുള്ള പ്രശ്നമാണ്. ആധികാരിക പഠനങ്ങളുടെ കണ്ടെത്തലുകളെ മറ്റൊന്നാക്കി മാറ്റുക ഒരിക്കലും നീതീകരിക്കാനാകാത്ത തെറ്റാണത്..ആദ്യം അതാണ് പരിശോധിക്കുന്നത്.

*"കുട്ടികളുടെ ഇംഗ്ലീഷ് പഠനനിലവാരത്തെക്കുറിച്ച് തിരുവനന്തപുരം നീറമണ്‍കര എന്‍.എസ്.എസ്.വനിതാകോളേജിലെ ഇംഗ്ലീഷ് വിഭാഗം അധ്യാപിക ശ്രീദേവി കെ. നായര് നടത്തിയ സര്‍വേ ഫലവും പരിശോധിക്കേണ്ടതാണ്.ഇംഗ്ലീഷ് പഠിപ്പിക്കാന്‍വേണ്ടി സെക്കന്‍ഡ് ലാഗ്വേജ് അക്വിസിഷന് പ്രോഗ്രാം (എസ്.എല്.എ.പി.) എന്നൊരു പരിപാടി ഡി.പി.ഇ.പി.യുടെ ഭാഗമായി തിരഞ്ഞെടുക്കപ്പെട്ട സ്കൂളുകളില് നടപ്പാക്കിയിരുന്നു. അക്ഷരങ്ങളും വാക്കും വ്യാകരണവും പഠിപ്പിക്കുകയല്ല മറിച്ച് കുട്ടികള് ഇംഗ്ലീഷ് സ്വാഭാവികരീതിയില് കേട്ടുപ്രയോഗിച്ച് പഠിക്കട്ടെ എന്നതാണ് അതിന്റെ അടിസ്ഥാനം....*ഡി.പി.ഇ.പി. നടപ്പാക്കിയ ആറ് ജില്ലകളില്‍പ്പെട്ട തിരുവനന്തപുരം,പാലക്കാട്, കാസര്‍കോട് ജില്ലകളിലെ തിരഞ്ഞെടുത്ത പ്രൈമറി സ്കൂളുകളിലാണ് സര്‍വേ നടത്തിയത്.**അത്യന്തം നിരാശാജനകമാണ് സര്‍വേ ഫലം.** ഭാഷാപഠനത്തിന്റെ നാല് പ്രാഥമിക തലങ്ങളായ ശ്രദ്ധിക്കല്,സംസാരിക്കല്, വായിക്കല്, എഴുത്ത് എന്നിവയില് ബഹുഭൂരിപക്ഷവും നേടിയത് സി, ഡി ഗ്രേഡുകള്.

*മാതൃഭൂമി ലേഖനപമ്പരയില് നിന്നും.*

SLAP പരിപാടി കുട്ടികളുടെ ഇംഗ്ലീഷ് പഠനത്തെ ഒരു വിധത്തിലും സഹായിച്ചില്ല എന്ന സൂചനയാണ് ഒരു സാധാരണ വായനക്കാരന് നല്‍കുക. ഗവേഷക അങ്ങനെ ഒരു നിഗമനത്തിലെത്തിയോ? ആ റിപ്പോര്‍ട്ട് ആര്‍ക്കും ലഭ്യമാണ്.(The Teaching of English in the Government/Aided Primary Schools in Kerala under DPEP . Sreedevi K. Nair എന്ന നെറ്റില് പരതിയാല് കിട്ടും . സി ഡി എസില് വരെ പോകേണ്ടതില്ല)

**പന്ത്രണ്ട് വിദ്യാലയങ്ങളിലാണ്** Sreedevi K. Nair പഠനം നടത്തിയത്. അതില് അഞ്ചു വിദ്യാലയങ്ങളില് പഴയതും പുതിയതുമായ രീതികള് കൂട്ടിക്കുഴച്ചു പഠിപ്പിച്ചു. മൂന്നു സ്കൂളുകളില് പഴയതോപുതിയതോ ആയ രീതികളിലൊന്നുമല്ല പഠിപ്പിച്ചത്! ഒരു രണ്ടു വിദ്യാലയങ്ങള് മാത്രമാണ് ഈ പരിപാടി പ്രകാരം ക്ലാസുകള് നയിച്ചിരുന്നത്. മറ്റു രണ്ടു വിദ്യാലയങ്ങള് സാമാന്യം ഭേദപ്പെട്ട നിലയില് പ്രയോഗിച്ചു. ഗവേഷക ചോദിക്കുന്ന **വളരെ നല്ല ഒരു രീതി** *( well-developed programme )* ഫലപ്രദമായി നടപ്പിലാക്കുന്നതിന് എന്തു കൊണ്ട് വിദ്യാഭ്യാസവകുപ്പിനു കഴിയുന്നില്ല. SLAPപ്രകാരമുള്ള **അമ്പതുശതമാനം പ്രവര്‍ത്തനം പിന്നിട്ട വിദ്യാലയങ്ങളില് ഗണ്യമായ പുരോഗതി കുട്ടികള്‍ക്കുണ്ടായി** എന്നവര് വ്യക്തമാക്കുന്നു. (പേജ് 38) തിരുവനന്തപുരത്തെ ഒരു വിദ്യാലയത്തിലെ അനുഭവം Sreedevi K. Nair ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു.

**Government LPS, Pangode**

"Standard V of the school had 31 children. It was quite inspiring to listen to the children saying that they loved English. The classroom bore clear evidence to the variety of language activities undertaken. Wrapper activity, name tag activity, and concept mapping had been carried out. A number of charts, pictures, wrappers, language games, and puzzles were hung on the walls. There were quite a few books in the ORC (Our Reading Corner).

The performance of the children justified the efforts taken by their teacher. A good number of them were rated above average in Listening, Speaking, Reading, and Writing. The teacher had taken adequate care to do justice to the programme by following closely the instructions given in the English Teacher s Companion. She had organised most of the activities recommended. It was her child-friendly attitude that ensured the children s enthusiasm for the language.

But her English was not good. She could repeat only the sentences given in the Companion. Where the book could not provide answers, she fumbled. But to a large extent, the teacher s commitment compensated for her inadequacy. Her readiness to accept her own limitations was remarkable. She confessed that she had been afraid of following SLAP as it demanded fairly good use of English. She even admitted that she had slipped away from the first training camp for SLAP teachers. She expressed her gratitude towards the camp co-ordinators who gave her

confidence and led her back to the fold.

“Thanks to that, I feel much more confident about handling English now. I am learning together with my children. We enjoy this joint learning activity. I may be deficient in English. But, I know, I have improved a lot.

The Head Master of the school seemed a very committed person who requested for an immediate feedback on how the SLAP class was being managed. He also expressed his willingness to initiate necessary changes for the effective implementation of the programme.

He did not hesitate to pass on the credit to the teacher and also to the trainer who provided on-site support to her. The altogether healthy and educative atmosphere of the school may partly be due to the responsibility and interest shown by the Head Master

അവിടുത്തെ റിസൽറ്റ് ഇങ്ങനെ

| Area | Grade A | B | C | D |
|---|---|---|---|---|
| Listening | 5 | 14 | 6 | 6 |
| Speaking | 3 | 12 | 10 | 6 |
| Reading | 3 | 12 | 12 | 4 |
| Writing | | 8 | 12 | 11 |

തിരുവനന്തപുരത്തെ പഠനവിധേയമായ മറ്റുവിദ്യാലയങ്ങളുടെ അവസ്ഥ എന്താണ്.?കരകുളത്തെ വിദ്യാലയത്തില് പുതിയരീതി പ്രകാരമുള്ള പാഠപുസ്തകത്തിലെ ആദ്യ പേജുകളില് മാത്രം ഒരേ രിതിയിയുള്ള കുറിപ്പുകള്. അതു അധ്യാപിക പറഞ്ഞുകൊടുത്തതാകാം.( the dead blank walls told the sad story of no DPEP learning. SLAP had not been attempted at all. )ഈ വിദ്യാലയത്തിലെ തൊണ്ണൂറ്റിയോമ്പതു ശതമാനം കുട്ടികളും ഡി ഗ്രേഡിലായത് പാഠ്യപദ്ധതിയുടെ കുറ്റം കൊണ്ടല്ലെന്നു വ്യക്തം. പറവൂർക്കോണം സ്കൂളിലെ കഥ ഇങ്ങനെ The school had two divisions of Std. V VA and VB. The children of both the classes, however, were sitting together in one room. അവിടുത്തെ അധ്യാപികയ്ക്കു ഇംഗ്ലീഷ് സംസാരിക്കാനറിഞ്ഞു കൂടാ. ഇംഗ്ലീഷില് ബിരുദമുള്ളവരെ നിയോഗിക്കണമെന്നാണ് അവരുടെ അഭിപ്രായം. വളരെ പ്രസക്തമായ ഈ നിരീക്ഷണം അവഗണിച്ച് നമ്മൾക്ക് മുന്നോട്ടു പോകുവാനാകുമോ? രണ്ടു ഡിവിഷനിലെ കുട്ടികളെ ഒന്നിച്ചിരുത്തി പഠിപ്പിക്കുന്ന വിദ്യാലയത്തില് എന്തായിരിക്കും നടക്കുക? എത്ര കുട്ടികൾക്കു വ്യക്തിഗത ശ്രദ്ധകിട്ടും?

ആറ്റിങ്ങല് എല് പി സ്കൂളിലും രണ്ടു ഡിവിഷനുകള് ഒന്നിച്ചിട്ടാണ് പഠിപ്പിച്ചിരുന്നത്.

“The teacher seemed a very committed person who was dearly loved by her children. They named her as their favourite teacher. Her proficiency in English was not high but she seemed to have made it up with her dedication. The majority of the children expressed a keen interest in studying English. The majority of the children displayed average ability in LSRW.

പുതിയരീതി പ്രയോഗിക്കാത്ത വിദ്യാസത്തിലും ഗവേഷക സന്ദർശനം നടത്തി .അവിടുത്തെ കുട്ടികളുടെ നിലവാരം നോക്കാം.

This non-SLAP school was also visited for comparing the performance of SLAP children with that of non-SLAP children. The school had two divisions of standard V. The performance of the majority of the children was rated poor in all the language skills. However, some of them were rated average in reading and writing. The amusement that lighted up the innocent faces of the children when they were spoken to in English was adequate proof of the fact that they had scarcely such experience in their classroom. The teacher knew that her children were poor

| Area | Grade A | B | C | D |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| Listening | | | 20 | 36 |
| Speaking | | | 8 | 48 |
| Reading | | | 20 | 36 |
| Writing | | | 12 | 44 |

ഏറ്റവും നന്നായി പുതിയ രീതി പ്രയോഗിച്ച വിദ്യാലയം ,ഭാഗികമായി പ്രയോഗിച്ച വിദ്യാലയം പഴയരീതിയില് പഠിപ്പിച്ച വിദ്യാലയം ഇവ താരതമ്യം ചെയ്തു നിഗമനത്തിലെത്താന് മതൃഭൂമി ലേഖകനു കഴിയാത്തത് മനസില് വേറെ അജണ്ട ഉള്ളതിനാലാകണം.

**ശ്രീദേവിയുടെ പഠനത്തിന്റെ ആകെത്തുക എന്താണ്?**

പുതിയ ഇംഗ്ലീഷ് പഠനരീതി നല്ലതാണ്. ചില ഭേദഗതികള് ആവശ്യമാണ്. പഠനസാമഗ്രികളാകട്ടെ ഇതുവരെ കേരളത്തലുണ്ടായതില് വെച്ചേറ്റവും മികച്ചതും. പ്രതിബദ്ധത ,അധ്യാപകരുടെ ശേഷീവികാസം, നിരന്തര പിന്തുണ, മോണിറ്ററിഗ്, അധ്യാപകയോഗ്യത പുനര്‍നിര്‍ണയിക്കല് എന്നിവ അനിവാര്യം.

ഒരു പുതിയ പദ്ധതി തുടങ്ങിയതിന്റെ പകുതിക്കു വെച്ച നടത്തിയ പഠനഫലമാണെന്നോര്‍ക്കണം.

അക്കാലത്തും രാജന് ചെറുക്കാട് പുതിയ പദ്ധതിക്കെതിരായി ലേഖനമെഴുതിയിരുന്നു എന്നാണ് എന്റെ ഓര്മ.. അദ്ദേഹത്തിന് അദ്ദേഹത്തെ ന്യായീകരിക്കേണ്ടതുണ്ട്. പക്ഷെ അതു തെറ്റിദ്ധാരണപരത്തിക്കൊണ്ടാകരുത്.(**അനുബന്ധമായി ശ്രീദേവിടീച്ചറുടെ നിഗനമങ്ങളുംനിര്ദ്ദേശങ്ങളുമുണ്ട് നോക്കുക**)റീജണല് ഇന്‍സ്റ്റിറ്റ്യൂട്ട് നടത്തിയ പഠനങ്ങളെ എന്തുകൊണ്ടു ശ്രീ രാജന് മറച്ചു വെച്ചു? ആധികാരിക ഏജന്‍സികളായ സര്‍വകലാശാലകള് നടത്തിയ പഠനങ്ങളുണ്ടല്ലോ? അതും വേണ്ടേ? പൊതുവിദ്യാലയങ്ങളെ നന്നാക്കാനായി പുറപ്പെടുന്നവര് എന് സി ഇ ആര് ടി കരിക്കുലമാമ് നിര്‍ദേശിക്കുന്നത്. രാജന് ഉദാഹരിച്ച അസര് റിപ്പോര്‍ട്ടില് എന് സി ഇ ആര് ടി സിലബസു പത്തുടരുന്ന സംസ്ഠാനങ്ങളുടെ നിലയെന്തെന്നുണ്ടല്ലോ. എന്തേ അത് പറയാനൊരു ജാള്യത.?

**അണ് എയിഡഡും സിലബസും കുട്ടിക്കുഴയ്ക്കുന്നു**

മാതൃഭൂമി പോലൊരു പത്രത്തിന്റെ ലേഖകനുണ്ടാകേണ്ട മിനിമം ജാഗ്രത ഈ ലേഖനത്തിനില്ലാതെ പോയി. ലേഖകന് വിചാരിക്കുന്നത്

അണ് എയിഡഡ് വിദ്യാലയങ്ങളെന്നാല് സിബി എസി ഇ സിലബസ് വിദ്യാലയങ്ങളെന്നാണ്. സംസ്ഥാന സര്‍ക്കാരിനു വേണ്ടി ഇക്ണോമികസ് ആന്‍ഡ് സ്റ്റാറ്റിസ്റ്റിക്സ് വിഭാഗം നടത്തിയ പഠനം മാതൃഭൂമിയുടെ ഇടുക്കി ലേഖകനാണ് സമൂഹത്തെ അറിയിച്ചത്. പഠനം നടന്ന വര്‍ഷം പ്രധാനമാണ്.2009. അതായത് ഡി ഇ പി വിവാദങ്ങളുടെ പെരുമഴ കഴിഞ്ഞ് കേരള പാഠ്യപദ്ധതി ചട്ടക്കൂടിന്റെ അടിസ്ഥാനത്തില് പുസ്തകം പരിഷ്കരിച്ചു പ്രയോഗിക്കുന്ന സമയം. അനംഗീത അണ് എയിഡഡ് വിദ്യാലയങ്ങളില് എത്ര ശതമാനം സിബി എസി ഇ ക്കാരാണ്? പട്ടിക നോക്കൂ.

| SYLLABUS | State | CBSE | ICSE | OTHERS | MIXED | TOTAL |
|---|---|---|---|---|---|---|
| | | | | | | |
| NUMBER | 1111 | 1208 | 75 | 172 | 80 | 2646 |
| | | | | | | |
| % | 42 | 46 | 3 | 6 | 3 | 100 |

നാല്പത്തിരണ്ടു ശതമാനം അനംഗീത അണ് എയിഡഡ് വിദ്യാലയങ്ങളില് പണം കൊടുത്ത് കേരളസിലബസ് പഠിക്കാനാളുകള് പോകുന്നെങ്കില് അതിന്റെ കാരണംകേരളത്തിലെ പുതിയ പാഠപുസ്തകം എങ്ങനെ നിലവാരമില്ലാത്തതിനാലാണെന്ന് എങ്ങനെ പറയും? പകുതി വിദ്യായങ്ങളില് മാത്രമാണ് സിബി എസി ഇ,ഐ സി എസി ഇ ഉള്ളത്. പൊതുവിദ്യാലയങ്ങളിലെ കേരള സിലബസ്

വേണ്ട. അനംഗീകൃത വിദ്യാലയങ്ങളിലെ കേരളസിലബസ് വേണം. ഇതിന്റെ കാരണമാണ് പരിശോധിക്കേണ്ടത്. മാതൃഭൂമി അതിനു മുതിര്ന്നില്ല.സിലബസ് മാറ്റുക എന്ന ഒറ്റമൂലിക്കു വേണ്ടിയാണോ ഇത്രയും മഷി ചെലവഴിച്ചത്. !

**സി ബി എസി ഇ വിദ്യാലയങ്ങള് പ്രതിസന്ധിയിലേക്ക്**

സി ബി എസി ഇ വിദ്യാലയങ്ങള് പ്രതിസന്ധിയിലേക്കു കൂപ്പുകുത്തുകയാണ്. വിദ്യാലയങ്ങലില് നടത്തുന്ന പരീക്ഷയുടെ വിശ്വാസ്യത ചോദ്യം ചെയ്യപ്പെടുന്നു. നിരന്തര വലിയിരുത്തലും കണ്‍സ്ട്രക്റ്റിവിസവുമെല്ലാം അവിടെ വഴിപാടാണ്. പ്ലസ് ടു പ്രവേശനത്തിന് സുപ്രീംകോടതി വരെ പോകേണ്ടി വരുന്നു. പ്ലസു ടുവിന് കണക്കില് നിലവാരക്കുറവ്. എന്‍ടന്‍സ് മോഹത്തിനു തിരിച്ചടി.തമിഴ്നാട് ഈ തക്കം നോക്കി കച്ചവടം നടത്തേണ്ടെന്നു കരുതിമാത്രം കേരളം പ്രവേശനപരീക്ഷാ മാനദണ്ഡം കണക്കിനു നാല്പത്തഞ്ചായാലും മതീന്നു തീരുമാനിച്ചു. പക്ഷേ ഇതു ഗണിതത്തിന്റെ നിലവാരം ഉയര്ത്തില്ലല്ലോ. എന്‍ടന് പരീക്ഷയില് ആദ്യ ആയിരം പേരില് കേരളസിലബസുകാര് മുന്നിലെത്തി. ( മാതൃഭൂമി ലേഖകന് അതംഗീകരിക്കാനാകുന്നില്ല. ഈ വര്ഷത്തെ കണക്ക് കൊടുക്കാനദ്ദേഹം തയ്യാറായില്ല) കൂടുതല് കുട്ടികളും എന്‍ടന്‍സില് കേരള സിലബസുകാര്. അക്കാദമികമായ വിശ്വാസ്യത വീണ്ടും തകര്ന്നത് ഐ എ എസി പരീക്ഷയിലും കേരളസിലബസുകാര്ക്ക് ഉയര്ന്ന നേട്ടം കൈവരിക്കാനാകുമെന്നു തിരിച്ചറിഞ്ഞപ്പോഴാണ്.. പുതിയ പ്രശ്നങ്ങള് സംഭവിച്ചു കൊണ്ടേയിരിക്കുന്നു. അതില് പ്രധാനമാണ് മുന്നൂറു കുട്ടികളും മലയാളം വിഷയപഠനവും ഒക്കെ നിര്ബന്ധിക്കുന്ന കേരശ സര്ക്കാരിന്റെ നിലപാട്. എന് ഒ സി കിട്ടാന് അതു നിര്ബന്ധം. കച്ചവടം പഴയപോലെ പോകില്ലെന്നാണ് സൂചന. അവിടത്തെ അധ്യാപകര്ക്കു മാന്യമായ ശംബളം കൊടുക്കാതെ ചൂഷണം ചെയ്യലാണ് പണി, ഇവരുടെ മൂല്യബോധമാണ് വിദ്യാര്ഥികള്‍ക്കും കിട്ടുന്നത്. ഭാവി കേരളത്തിലെ കഴുത്തറപ്പന് ചൂഷണപാഠങ്ങളുടെ എ പ്ലസുകാരാകും ഇത്തരം വിദ്യാലയ സന്തതികള്. മനുഷ്യാവകാശ കമ്മീഷനും ട്രേഡ് യൂണിയനുകളും രംഗത്തെത്തിക്കഴിഞ്ഞു. ഫലം ഊഹിക്കാം. അസംതൃപതരായ അധ്യാപകരുടെ സമരം. അത് ഒഴിവാക്കാന് ഫീസ് കൂട്ടുകയല്ലാതെ മാര്ഗവുമില്ല. ഉയര്ന്ന ഫീസ് കോടുത്താലും പരീക്ഷയില്ലാ വിദ്യാലയങ്ങളിലെ അരക്ഷിതമാവസ്ഥയിലേക്ക് കുട്ടികളെ വിടാനാകുമോ? ഡല്‍ഹി സര്ക്കാര് വിദ്യാഭ്യാസ അവകാശ നിയനം അനുശാസിക്കുന്ന സൌകര്യങ്ങളില്ലാത്ത മുഴുവന് അണ് എയിഡഡ് വിദ്യാലയങ്ങളും അടച്ചു പൂട്ടുവാന് ആവശ്യപ്പെട്ടിരിക്കുന്നു.2235 വിദ്യാലയങ്ങളവിടെ ഭീഷണയിലാണ്. കേരളത്തിലും അവകാശനിയമം കര്ശനമായി നടപ്പിലാക്കാന് തീരുമാനിച്ചാല് പൂട്ടല് വളരെക്കൂടുതലാകും. നിയമഗഹിതമായി വിദ്യാലയം നടത്താനുള്ള അവകാശത്തെ പിന്തുണയക്കുന്നസമീപനമാണ് പരോക്ഷമായി മാതൃഭൂമി ലേഖകന് സ്വീകരിച്ചതെന്നു പറഞ്ഞാല് അതു ഷേധിക്കാനാകുമോ?